## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.229 09.03.2017 ന് മറുപടിയ്ക്ക്.

വന്യമൃഗങ്ങൾ മനുഷ്യജീവിതം ദുസ്സഹമാക്കുന്ന സ്ഥിതിവിശേഷം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എം.ഷാജി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)വേനൽക്കാലത്ത് വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലിറങ്ങി മനുഷ്യജീവിതം ദുസ്സഹമാക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കാൻ വനം വകുപ്പ് പുതിയ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ; | (എ) വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലിറങ്ങി കൃഷി നശിപ്പിക്കുകയും നാട്ടിലുള്ള വളർത്തു മൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണി ആവുകയും ചെയ്യുന്നത് തടയുന്നതിന് നിലവിൽ അവലംബിച്ചു വരുന്ന മാർഗ്ഗങ്ങൾ കൂടാതെ പുതിയതായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 07.02.2017 ലെ സർക്കാർ ഉത്തരവ് (സാധാ)നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. കൂടാതെ ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പു നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ നടപ്പിലാക്കുവാനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. |
| (ബി) സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്ന വന്യമൃഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (ബി) കേരളത്തിൽ കർഷകർ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്നത് കാട്ടാനകളിൽ നിന്നാണ്. കൂടാതെ കാട്ടുപന്നി, മാനുകൾ, കുരങ്ങ്, കടുവ എന്നിവയിൽ നിന്നുമുള്ള പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കേരളത്തിലെ വനങ്ങളിലെ |

വന്യജീവികളുടെ കണക്കെടുപ്പ് പ്രകാരം മുൻ വർഷങ്ങളെ അപേക്ഷിച്ച് വന്യജീവികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണ്ടു വരുന്നത്. ഏറ്റവും ഒടുവിൽ നടത്തിയ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 6177 കാട്ടാനകളും, 48034 കാട്ടുപന്നികളും, 136 കടുവകളും, 43000 മാനുകളും, 50,000 ഓളം കുരങ്ങുകളും അധിവസിക്കുന്നുണ്ട്. വനാതിർത്തിയിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള വിളകളുടെ കൃഷിയും വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നതിന് കാരണമാകുന്നുണ്ട്.

(സി) നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ വനം വകുപ്പിനെക്കുറിച്ച് കർഷകരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) വന്യജീവി ആക്രമണം മൂലം പരിക്കോ, മരണമോ, കൃഷിനാശമോ മറ്റു നാശനഷ്ടങ്ങളോ സംഭവിച്ചാൽ 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ കർഷകരുടെ ഭാഗത്തു നിന്നും ആക്ഷേപം ഉണ്ടായാൽ ആയത് പരിശോധിച്ച് പരിഹരിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്.

Vheena

സെക്ഷൻ ഓഫീസർ